**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 711** **23-02-2022 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ റിസ്ക് ഫണ്ട് ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽ നിന്ന് റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സഹകരണ ബോർഡിൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം ബാങ്ക് തിരിച്ച് വ്യക്തമാക്കാമോ; | (എ) | കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ നിന്ന് റിസ്ക് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനായി 361 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കിയെന്ന് ബാങ്ക് തിരിച്ചുള്ള വിവരം അറിയിക്കുമോ; | (ബി) | 272 അപേക്ഷകളിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത ആനുകൂല്യം ഇതുവരെയും അനുവദിച്ചുകിട്ടാത്ത അപേക്ഷകളിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ നിന്ന് ലഭിച്ചിട്ടുള്ള ആകെ അപേക്ഷകളിൽ 89 അപേക്ഷകളാണ് ഇനി തീർപ്പ് കൽപ്പിക്കാൻ ബാക്കി നിൽപ്പുള്ളത്. അതിൽ ചില അപേക്ഷകളിൽ ന്യൂനതകൾ ഉള്ളതിനാൽ ആയത് പരിഹരിച്ച് സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകളിന്മേൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | അർഹരായ എല്ലാവർക്കും റിസ്ക് ഫണ്ട് ആനുകൂല്യം വേഗത്തിൽ ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | അർഹരായ എല്ലാ അപേക്ഷകർക്കും ആനുകൂല്യം അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഫയൽ തീർപ്പാക്കൽ അദാലത്ത് സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അദാലത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കോട്ടയം ജില്ലയിൽ 05.11.2021 ൽ സഹകരണ വകുപ്പ് മന്ത്രി നിർവ്വഹിച്ചിട്ടുള്ളതാണ്. തുടർന്ന് കണ്ണൂർ ജില്ലയിൽ അദാലത്ത് സംഘടിപ്പിച്ചു. ബാക്കി ജില്ലകളിൽ അദാലത്ത് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

**കുന്നത്തുനാട് മണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽ നിന്ന് റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സഹകരണ ബോർഡിൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ ബാങ്ക് തിരിച്ചുള്ള വിശദവിവരങ്ങൾ**

| നമ്പർ | ബാങ്കിന്റെ പേര് | അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | കുന്നത്തുനാട് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ ഇ. 3 | 9 |
| 2 | കിഴക്കമ്പലം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ ആർ. 83 | 11 |
| 3 | മാമല സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 2799 | 18 |
| 4 | പുത്തൃക്ക സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ ഇ. 344 | 73 |
| 5 | വടവുകോട് ഫാർമേഴ്സ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 651 | 40 |
| 6 | ഐക്കരനാട് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ ഇ. 172 | 27 |
| 7 | ഐരാപുരം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ ഇ. 2124 | 33 |
| 8 | മഴുവന്നൂർ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ ഇ. 21 | 27 |
| 9 | നെല്ലാട് - വീട്ടൂർ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ ഇ. 332 | 8 |
| 10 | വാഴക്കുളം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ ഇ. 939 | 18 |
| 11 | മലയിടംതുരുത്ത് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ ഇ. 2794 | 33 |
| 12 | മാറമ്പിള്ളി സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 265 | 41 |
| 13 | വാഴക്കുളം ബ്ലോക്ക് റൂറൽ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ ഇ. 1082 | 9 |
| 14 | വാഴക്കുളം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 751 | 14 |
| | **ആകെ** | **361** |

Bahude

**സെക്ഷൻ ഓഫീസർ**

**അനുബന്ധം 2**

**കുന്നത്തുനാട് മണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽ നിന്ന് റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സഹകരണ ബോർഡിൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ ബാങ്ക് തിരിച്ചുള്ള വിശദവിവരങ്ങൾ**

| നമ്പർ | ബാങ്കിന്റെ പേര് | ധനസഹായം അനുവദിച്ച അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | കുന്നത്തുനാട് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ ഇ. 3 | 5 |
| 2 | കിഴക്കമ്പലം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ ആർ. 83 | 9 |
| 3 | മാമല സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 2799 | 16 |
| 4 | പുത്തൃക്ക സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ ഇ. 344 | 65 |
| 5 | വടവുകോട് ഫാർമേഴ്സ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 651 | 28 |
| 6 | ഐക്കരനാട് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ ഇ. 172 | 15 |
| 7 | ഐരാപുരം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ ഇ. 2124 | 20 |
| 8 | മഴുവന്നൂർ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ ഇ. 21 | 21 |
| 9 | നെല്ലാട് - വീട്ടൂർ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ ഇ. 332 | 6 |
| 10 | വാഴക്കുളം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ ഇ. 939 | 11 |
| 11 | മലയിടംതുരുത്ത് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ ഇ. 2794 | 24 |
| 12 | മാറംപിള്ളി സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 265 | 31 |
| 13 | വാഴക്കുളം ബ്ലോക്ക് റൂറൽ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ ഇ. 1082 | 6 |
| 14 | വാഴക്കുളം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 751 | 15 |
| | **ആകെ** | **272** |

Bahrede

**സെക്ഷൻ ഓഫീസർ**